**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795</u>** **<u>29-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ള പ്രവൃത്തികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ളതും ഇനി നടത്താനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയ്ക്ക് അനുവദിച്ചിട്ടുള്ള തുകകൾ എത്രയൊക്കെയാണ്; നിലവിലെ പ്രവൃത്തികളും സ്ഥിതിയും വിശദമാക്കാമോ? | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ, 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നടത്തിയിട്ടുള്ളതും ഇനി നടത്താനുള്ളതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:-<br><br>i) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ, 28 കേരള ബറ്റാലിയൻ എൻ.സി.സി ഓഫീസ് കെട്ടിടം നിർമ്മിയ്ക്കുന്നതിന് രണ്ട് ഘട്ടമായി 326 ലക്ഷം രൂപ സർക്കാർ അനുവദിയ്ക്കുകയും, ടി ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുകയും ചെയ്യുന്നു.<br><br>ii) റൂസ മുഖാന്തിരം ഒറ്റപ്പാലം എൻ.എസ്.എസ് ട്രെയിനിംഗ് കോളേജിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 90 ലക്ഷം രൂപ നിർമ്മാണ പ്രവൃത്തികൾക്കും 60 ലക്ഷം പുനർ നിർമ്മാണത്തിനും, 50 ലക്ഷം രൂപ പർച്ചേസിനുമായിട്ടാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ നിർമ്മാണവും പുനർ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. പർച്ചേസിനുള്ള നടപടികൾ കോളേജ് സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, കേരള റൂസ മുഖാന്തിരം ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിന് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 80 ലക്ഷം രൂപ നിർമ്മാണ പ്രവൃത്തികൾക്കും ഒരു കോടി രൂപ പുനർ നിർമ്മാണത്തിനും, 20 ലക്ഷം രൂപ പർച്ചേസിനുമായിട്ടാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ നിർമ്മാണവും പുനർ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. പർച്ചേസിനുള്ള നടപടികൾ കോളേജ് കൈകൊണ്ടിട്ടുണ്ട്.<br><br>iii) അസാപ് കേരളയുടെ ലക്കിടി കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ CIPET (Central Institute of |

| | | | |
|---|---|---|---|
| | | | Petrochemicals Engineering and Technology) ന്റെ സഹകരണത്തോടെ 578 ഉദ്യോഗാർത്ഥികൾക്കായി ദീർഘകാല നൈപുണ്യ പരിശീലനവും, രണ്ടായിരത്തിൽ അധികം ഉദ്യോഗാർത്ഥികൾക്കായി വിവിധ ഹ്രസ്വകാല നൈപുണ്യ പരിശീലനപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട് . വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി സൗജന്യമായാണ് ബഹുഭൂരിപക്ഷം കോഴ്സുകളും നടത്തുന്നത്.<br><br>iv) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഓപ്പൺ & ഡിസ്റ്റൻസ് മോഡിൽ വിവിധ യു.ജി/പി.ജി പ്രോഗ്രാമുകൾ നടത്തുന്നതിനായി 2025 ജൂലൈ മുതൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ അകലൂർ മൗണ്ട്സീന കോളേജിൽ ഒരു പഠന കേന്ദ്രം ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ